بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

ജുമുഅഃ ഖുത്വ്ബ സംഗ്രഹം 30-10-2026

നബിതിരുമേനി(സ)യുടെ ലളിതജീവിതം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദും തഅവ്വുദും സൂറ: ഫാത്തിഹയും ഓതിയശേഷം ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു:

നബിതിരുമേനി(സ)യുടെ ലളിതജീവിതത്തെയും ജീവിതരീതിയെയും സംബന്ധിച്ചാണ് വവരിച്ചുകൊണ്ടിരുന്നത്. കഴിഞ്ഞ ആഴ്ച ഇതുമായി ബന്ധപ്പെട്ട് അങ്ങ് ഭക്ഷണരീതികളിൽ പുലർത്തിയ ലാളിത്യത്തെക്കുറിച്ചും, ഭക്ഷണം കഴിക്കുന്ന രീതികളെക്കുറിച്ചും, അങ്ങയുടെ ലളിതമായ ജീവിതനിലവാരത്തെക്കുറിച്ചും ഞാൻ വിവരിച്ചിരുന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു: നബിതിരുമേനി(സ)യുടെ ഓരോ പ്രവൃത്തിയും ഒരുതരം ലാളിത്യവും സരളതയും ഉൾക്കൊള്ളുന്നതായിരുന്നു. നബിതിരുമേനി(സ) വിശിഷ്ടമായ ആഹാരം കഴിച്ചിട്ടുണ്ടാകുമെന്നും, വിഭവസമൃദ്ധമായ രാജകീയ ഭക്ഷണമായിരിക്കും അങ്ങയുടെ മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടാകുകയെന്നും ഭക്ഷണപ്രിയരായ ആളുകൾ ഒരുപക്ഷേ ചിന്തിച്ചേക്കാം. എന്നാൽ യഥാർത്ഥ വസ്തുതകൾ ഇതിന് തികച്ചും വിരുദ്ധമാണെന്ന് മനസ്സിലാക്കുമ്പോൾ അവർ അത്ഭുതപ്പെട്ടുപോകും. ഒരുവശത്ത് നബിതിരുമേനി(സ) ലാളിത്യത്തിന്റെ സമ്പൂർണ്ണ മാതൃകയായിരുന്നെങ്കിൽ, മറുവശത്ത് ലളിതമായ ജീവിതത്തിലും അവിടുന്ന് ലോകത്തിന് മാതൃകയായിരുന്നു.

ഹുസൂർ അൻവർ അരുൾ ചെയ്തു:

ഹദ്റത്ത് ആയിശ (റ) തന്റെ സഹോദരിയുടെ മകനായ ഉർവയോട് ഇപ്രകാരം പറഞ്ഞു: എന്റെ സഹോദരി പുത്രാ, ഒരുമാസം എന്നല്ല രണ്ടുമാസം കഴിഞ്ഞാലും നബിതിരുമേനി (സ)യുടെ വീട്ടിൽ തീ പുകഞ്ഞിരുന്നില്ല.

അപ്പോൾ ഒരാൾ ചോദിച്ചു: അവിടുന്ന് പിന്നെ എന്തായിരുന്നു കഴിച്ചിരുന്നത്?

ഹദ്റത്ത് ആയിശ (റ) മറുപടി നൽകി: വെള്ളവും ഈന്തപ്പഴവുമായിരുന്നു ഞങ്ങളുടെ ആഹാരം! അൻസാരികളായ ഞങ്ങളുടെ അയൽവാസികൾ ചിലപ്പോൾ സ്നേഹപൂർവ്വം ആട്ടിൻ പാൽ കൊണ്ടുവന്ന് തരുമായിരുന്നു.അല്ലാഹുവേ! എന്തൊരു ലളിതമായ ജീവിതം! തുടർച്ചയായി രണ്ടുമാസത്തോളം അടുപ്പിൽ തീ പോലും കത്താതെ, വെറും ഈന്തപ്പഴവും വെള്ളവും പാലും കൊണ്ട് ജീവിതം കഴിക്കുന്നു.

ഈ ചരിത്ര യാഥാർത്ഥ്യങ്ങൾ കാണുന്ന ഇന്നത്തെ മുസ്ലീങ്ങൾ ലജ്ജിക്കേണ്ടതാണ്. ധനികരായ ചില മുസ്ലീങ്ങളുണ്ട്. തിന്നുകയും കുടിക്കുകയും ചെയ്യുക എന്നത് ഒരു രോഗമെന്നോണം അവരെ ബാധിച്ചിരിക്കുകയാണ്.അവരെ അനുകരിച്ച് സാമ്പത്തികമായി താഴെത്തട്ടിലുള്ളവരും ഇക്കാര്യത്തിൽ കൂടുതൽ പണം ചെലവഴിക്കാൻ ശ്രമിക്കുന്നു. ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: മുസ്ലീങ്ങളുടെ പണം കൂടുതലും ഭക്ഷണകാര്യങ്ങളിലെ ആർഭാടങ്ങൾക്കായാണ് ചെലവഴിക്കപ്പെടുന്നത്; തത്ഫലമായി അവർ എപ്പോഴും കടക്കാരായിത്തന്നെ കഴിയേണ്ടി വരുന്നു.

ഹുസൂർ അൻവർ പ്രസ്താവിച്ചു: ഭക്ഷണപാനീയങ്ങളുടെ നിലവാരം പോരാ എന്ന പരാതിയും ആവശ്യങ്ങളും ഇക്കാലത്ത് വളരെ കൂടുതലായി ഉയർന്നുവരുന്നുണ്ട്. ജീവിതച്ചെലവുകൾ സ്വന്തം വരുമാനത്തിനുള്ളിൽ തന്നെ ഒതുക്കാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: നബിതിരുമേനി(സ) ഒരുവശത്ത് ലാളിത്യത്തിന്റെ ഉദാത്തമാതൃകയായിരുന്നെങ്കിൽ, മറുവശത്ത് ലൗകിക വിരക്തിയെ അവിടുന്ന് അനിഷ്ടപ്പെടുകയാണ് ചെയ്തിരുന്നത്. ആരെങ്കിലും ഉയർന്ന നിലവാരത്തിലുള്ള ഭക്ഷണങ്ങൾ മുന്നിൽ കൊണ്ടുവന്നുവെച്ചാൽ, അവിടുന്ന് അത് എടുത്ത് കഴിക്കുമായിരുന്നു. അല്ലാതെ ആത്മപരിത്യാഗത്തിന്റെ പേരിൽ ഭക്ഷണം പാടെ വെടിയുകയല്ല അവിടുന്ന് ചെയ്തത്. ഈ ഒരു മാതൃകയാണ് ലോകത്തിന്റെസകല ജനവിഭാഗങ്ങൾക്കും വേണ്ടി നിയോഗിക്കപ്പെട്ട പ്രവാചകൻ എന്ന നിലയിൽ അവിടുത്തേക്ക് മറ്റുള്ളവരേക്കാൾ സവിശേഷമായ ഔന്നത്യം നേടിക്കൊടുത്തത്! അതിനാൽ അങ്ങയുടെ ജീവിതം എല്ലാ അർത്ഥത്തിലുംസമ്പൂർണ്ണമാകേണ്ടത് അനിവാര്യമായിരുന്നു. ഒരുവശത്ത് ലളിതമായ ജീവിതശൈലിയിൽ അവിടുന്ന് പൂർണ്ണതപ്രാപിച്ചിരുന്നുവെങ്കിൽ, മറുവശത്ത് പരിശുദ്ധമായ വിഭവങ്ങൾ ഉപയോഗിക്കുന്നതിൽനിന്ന് വിട്ടു

നിൽക്കുകയും ചെയ്തിരുന്നില്ല. എന്നിരുന്നാലും അങ്ങയുടെ ജീവിതം പൊതുവെ ലളിതമായിരുന്നു; ജീവൻ നിലനിർത്താനും ദൈവിക പ്രവർത്തനങ്ങൾ ചെയ്യാനുള്ള ശാരീരിക ഊർജ്ജം വീണ്ടെടുക്കാനും മാത്രമാണ് അവിടുന്ന് ഭക്ഷണം കഴിച്ചിരുന്നത്.
എല്ലാത്തരം വിശിഷ്ട ഭക്ഷണങ്ങളും ഉപയോഗിച്ചുകൊണ്ട് തിരുമേനി അതിന്റെ മാതൃകയും കാണിച്ചുതന്നു. മറുഭാഗത്ത് ഭക്ഷണത്തിലും വസ്ത്രത്തിലും മാത്രം ജീവിതത്തിന്റെ പരമമായ ലക്ഷ്യം കണ്ടെത്തുന്ന ധനികർക്കും അവിടുന്ന് ഒരു വലിയ മാതൃകയാണ് സ്ഥാപിച്ചു തന്നിരിക്കുന്നത്.
മികച്ച ഭക്ഷണം കഴിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു നിവേദനമുണ്ട്: നബിതിരുമേനി(സ) ആടിന്റെ തോൾ ഭാഗത്തുള്ള ഇറച്ചി കഴിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: നബിതിരുമേനി(സ) ഇറച്ചി, കത്തികൊണ്ട് മുറിച്ച് കഴിച്ചു; തന്റെഉമ്മത്തിന് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻവേണ്ടിയാണ് അവിടുന്ന് ഈ രീതി സ്വീകരിച്ചത്!ന്യായമായ ആവശ്യങ്ങൾക്കായി ഇങ്ങനെ ഭക്ഷണം കഴിക്കുന്നത് അനുവദനീയമാണെങ്കിലും അതു തന്നെ കണിശമായി അനുവർത്തിക്കുന്നതും ആർഭാടങ്ങൾ കാണിക്കുന്നതും, മറ്റ് രീതികളെ നിന്ദ്യതയോടെ കാണുന്നതും വിരോധിച്ചിരിക്കുന്നു. മറ്റു സംസ്കാരങ്ങളെയും ശീലങ്ങളെയും കണ്ണടച്ച് അനുകരിക്കാൻ തുടങ്ങിയാൽ മനുഷ്യൻ ശുചിത്വം പോലും ഉപേക്ഷിച്ചു കളയും. ഹദ്റത്ത് മസീഹ് മൗഊദ് (അ) ചിലപ്പോഴൊക്കെ ജോലി ചെയ്യുന്നതിനിടയിൽ മേശപ്പുറത്തും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു, താഴെ നിലത്തിരുന്നും ഭക്ഷണം കഴിക്കാറുണ്ടായിരുന്നു.
ഹുസൂർ അൻവർ അരുൾ ചെയ്തു:
നബിതിരുമേനി(സ)യുടെ വിവാഹത്തെയും വലീമയെയും കുറിച്ച് ചരിത്രത്തിൽ ഇക്രാരം കാണാം: നബി (സ) ഹദ്റത്ത് സഫിയ്യ (റ)യെ സ്വതന്ത്രയാക്കിയതിനെ തുടർന്ന് അവരെ വിവാഹം ചെയ്തു. അവരുടെ സ്വാതന്ത്ര്യമായിരുന്നു വിവാഹമഹർ. ആ യാത്രയ്ക്കിടയിൽ ഒരു ദിവസം രാവിലെ നബിതിരുമേനി (സ) ഒരു ഭക്ഷണവിരിപ്പ് വിരിക്കുകയും, തങ്ങളുടെ കൈയിലുള്ളതെല്ലാം കൊണ്ടുവരാൻ എല്ലാവരോടും ആവശ്യപ്പെടുകയും ചെയ്തു. അങ്ങനെ ഒരാൾ ഈന്തപ്പഴം കൊണ്ടുവന്നു, മറ്റൊരാൾ നെയ്യ് കൊണ്ടുവന്നു, വേറൊരാൾ ബാർലിപ്പൊടി കൊണ്ടുവന്നു. തുടർന്ന് അവിടുന്ന് അവയെല്ലാംകൂടി കൂട്ടി കുഴച്ചെടുത്തു; ഇതായിരുന്നു നബിതിരുമേനി(സ)യുടെ വിവാഹ സൽക്കാരം.
ഹുസൂർ അൻവർ പറഞ്ഞു:
ആർ ക്ഷണിച്ചാലും അവിടുന്ന് ആ ക്ഷണം സ്വീകരിക്കുമായിരുന്നു. ഹദ്റത്ത് അനസ് (റ) വവരിക്കുന്നു: ഒരു തയ്യൽക്കാരൻ നബിതിരുമേനി(സ)യെ ഭക്ഷണത്തിന് ക്ഷണിക്കുകയുണ്ടായി. ഹദ്റത്ത് അനസ് പറയുന്നു: ഞാനും നബിതിരുമേനി(സ)യോടൊപ്പം ആ ഭക്ഷണ സൽക്കാരത്തിൽ പങ്കെടുത്തു. ആ തയ്യൽക്കാരൻ നബി(സ)യുടെ മുന്നിൽ യവത്തിന്റെ റൊട്ടിയും, മത്തങ്ങയും ഇറച്ചിയും ചേർത്ത കറിയും വിളമ്പി. ഹദ്റത്ത് അനസ് (റ) പറയുന്നു: പാത്രത്തിന്റെ വശങ്ങളിൽ നിന്നും മത്തങ്ങ കഷ്ണങ്ങൾ തിരഞ്ഞുപിടിച്ച് നബി (സ) കഴിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അന്ന് മുതൽ ഞാനും മത്തങ്ങ ഏറെ ഇഷ്ടപ്പെടാൻ തുടങ്ങി!
ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു: മത്തങ്ങ നബിതിരുമേനിക്ക് (സ)ക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. അതേസമയം, ഭക്ഷണം ലഭിക്കാത്ത ദിവസങ്ങളും തിരുമേനി കണ്ടിട്ടുണ്ട്. അതുകൊണ്ട് തന്നെ, മുഹമ്മദ് റസൂലുല്ലാഹി(സ) എന്തുകൊണ്ടാണ് നല്ല മാംസം കഴിച്ചത്? എന്തുകൊണ്ടാണ് ഉത്തമമായ രാജകീയ പാനീയങ്ങളും നല്ല ഭക്ഷണങ്ങളും കുടിച്ചും കഴിച്ചും ജീവിച്ചത്? എന്ന് ചോദിക്കുന്ന വ്യക്തി തീർച്ചയായും വിഡ്ഢിയത്രേ. എന്തെന്നാൽ, നബി (സ) കഠിനമായ പട്ടിണിയും അനുഭവിച്ചിട്ടുണ്ട് എന്ന വസ്തുത അത്തരം വിമർശകർ കാണാതെ പോകുന്നു. വിശപ്പ് സഹിക്കാനാവാതെ തന്റെ വയറ്റിൽ കല്ലുകൾ കെട്ടിവെക്കേണ്ടി വന്നിട്ടുണ്ട്!
ഒരിക്കൽ ഒരു പാവപ്പെട്ട യാചക നബി(സ)യുടെ വീട്ടിൽ യാചിച്ചുകൊണ്ട് വന്നു; ഹദ്റത്ത് ആയിശ (റ) പറയുന്നു: അന്ന് ഞങ്ങളുടെ വീട്ടിൽ യാതൊന്നും ഉണ്ടായിരുന്നില്ല; ഏറെ തിരച്ചിലിന് ശേഷം ഒരേയൊരു ഈന്തപ്പഴം മാത്രമാണ് ഞങ്ങൾക്ക് ലഭിച്ചത്!ആ സ്ത്രീക്ക് ആ ഈന്തപ്പഴം നൽകിയപ്പോൾ, അവർ അത് രണ്ടായി പകുത്ത്തന്റെ രണ്ട് പെൺകുട്ടികൾക്കും നൽകുകയുണ്ടായി. ഹദ്റത്ത് ആയിശ (റ) ഈ സംഭവം നബിതിരുമേനി (സ)യോട് വിവരിച്ചപ്പോൾ, അവിടുന്ന് അരുൾ ചെയ്തു: ആർക്കാണോ രണ്ട് പെൺകുട്ടികൾ ഉള്ളത് അവൻ അവരെ ഏറ്റവും മികച്ച രീതിയിൽ വളർത്തിയാൽ, അല്ലാഹു അവന് സ്വർഗ്ഗം നിർബന്ധമാക്കുന്നതാണ്!
ഹുസൂർ അൻവർ അരുൾ ചെയ്തു:
നബിതിരുമേനി(സ)യുടെ തിരുജീവിതം ആരെങ്കിലും കേൾക്കുകയോ വായിക്കുകയോ ചെയ്യുമ്പോൾ അതിൽ വിവരിക്കപ്പെടുന്ന ഓരോ സംഭവത്തിലും ശിക്ഷണപരവും യുക്തി ജ്ഞാനപരവുമായ അനേകം പാഠങ്ങൾ അവർക്ക് കാണാൻ സാധിക്കും. ഇതുതന്നെയാണ് ഈ നിവേദനങ്ങളിലും നമുക്ക് കാണാൻ സാധിക്കുന്നത്.
ഖുർആൻ പഠനത്തിന് ഒരു ആമുഖം എന്ന ഗ്രന്ഥത്തിൽ സീറത്ത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) എഴുതുന്നു:
ഭക്ഷണപാനീയങ്ങളുടെ കാര്യത്തിൽ നബിതിരുമേനി(സ) വളരെ ലാളിത്യം പുലർത്തിയിരുന്നു.

ഉപ്പുകൂടിപ്പോവുകയോ കുറഞ്ഞുപോവുകയോ ചെയ്താൽ, അല്ലെങ്കിൽ ഭക്ഷണം അല്പം പാകപ്പിഴവ് വരികയോ ചെയ്താൽ പോലും, അവിടുന്ന് ഒരിക്കലും യാതൊരുവിധ അതൃപ്തിയും പ്രകടിപ്പിക്കുമായിരുന്നില്ല! ആഹാരം പാകം ചെയ്ത ആളുടെ മനസ്സ് വേദനിക്കാത്ത വിധം, കഴിയുന്നത്ര ആ ഭക്ഷണം കഴിക്കുകയാണ് അവിടുന്ന് ചെയ്തിരുന്നത്.ഒരുപക്ഷേആഹാരംഇഷ്ടപ്പെട്ടില്ലെങ്കിൽത്തന്നെ, അവിടുന്ന് മാന്യമായി കൈവലിക്കുമായിരുന്നുവെങ്കിലും യാതൊരു കുറ്റവും പറയുമായിരുന്നില്ല. എന്തെങ്കിലും ഭക്ഷണസാധനങ്ങൾ വന്നുചേർന്നാൽ, അവിടുന്ന് തന്റെ സ്വഹാബികൾക്കിടയിൽ അത് തുല്യമായി വീതിച്ചു നൽകുമായിരുന്നു; ഒരിക്കൽ ഈന്തപ്പഴം വന്നു. സ്വഹാബികൾക്ക് ഏഴ് ഈന്തപ്പഴങ്ങൾ അവിടുന്ന് വീതിച്ചു നൽകുകയുണ്ടായി.

ഹദ്റത്ത് ആയിശ (റ) വിവരിക്കുന്നു: നബിതിരുമേനി(സ) ആരെയും ചീത്ത പറയുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല; അവിടുത്തെ വസ്ത്രങ്ങൾ അടുക്കി വെക്കാൻ തക്കവണ്ണം ഒന്നിൽക്കൂടുതൽ വസ്ത്രങ്ങൾ അങ്ങേക്ക് ഉണ്ടായിരുന്നില്ല! അതായത്, അങ്ങേയ്ക്ക് ഒരേയൊരു ജോടി വസ്ത്രമേ ഉണ്ടായിരുന്നുള്ളൂ; അത് അലക്കേണ്ടിവന്നാൽ, അതേപടി കഴുകി നനഞ്ഞ വസ്ത്രത്തോടുകൂടിത്തന്നെ അവിടുന്ന് പുറത്തേക്ക് പുറപ്പെടുമ്പോൾ വസ്ത്രത്തിൽ വെള്ളത്തിന്റെ നനവ് പ്രകടമായി കാണുമായിരുന്നു.

ഉന്നതശ്രേണിയിലെ ഒരുവനും കാണിക്കാൻ കഴിയാത്ത,കാണിച്ചിട്ടില്ലാത്ത ലാളിത്യത്തിന്റെ ഉദാത്ത മാതൃകയാണിത്.ഹദ്റത്ത് ഇബ്നു ഉമർ (റ) നിവേദനം ചെയ്യുന്നു: അത്വാരദ് തമീമി എന്ന വ്യക്തി അങ്ങാടിയിൽ ഒരു വരയുള്ള പട്ടു വസ്ത്രം വിൽക്കുന്നത് ഹദ്റത്ത് ഉമർ (റ) കണ്ടു. ആ വ്യക്തി ഭരണാധികാരികളുടെ അടുക്കൽ ചെന്ന് സമ്മാനങ്ങൾ വാങ്ങുമായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ (റ) നബി (സ)യുടെ അടുക്കൽ ചെന്ന് പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, അത്വാരദ് ഈ വസ്ത്രം വിൽക്കുന്നത് ഞാൻ കണ്ടു; ഏതെങ്കിലും വലിയ പ്രതിനിധിസംഘങ്ങൾ അങ്ങയുടെ മുന്നിൽ സന്നിഹിതരാകുമ്പോൾ അങ്ങ് ഇത് ധരിച്ചാൽ അത് നല്ലൊരു പ്രഭാവം ചെലുത്തുമല്ലോ. ഇനി വെള്ളിയാഴ്ച ദിവസങ്ങളിലെങ്കിലും അങ്ങേയ്ക്ക് ഇത് ധരിക്കുകയും ചെയ്യാം. അപ്പോൾ നബിതിരുമേനി (സ) പറഞ്ഞു: പരലോകത്ത് യാതൊരു പങ്കും ഇല്ലാത്തവനേ ഈ ലോകത്ത് പട്ടു വസ്ത്രം ധരിക്കുകയുള്ളൂ.

ഈ സംഭവങ്ങൾ വിവരിച്ചതിന് ശേഷം ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) അരുൾ ചെയ്യുന്നു:

വസ്ത്രധാരണത്തിൽ നബിതിരുമേനി (സ)പുലർത്തിയ ലാളിത്യം വായിക്കുമ്പോൾ യഥാർത്ഥത്തിൽ എനിക്ക് ലജ്ജ തോന്നുകയാണ്. തീർച്ചയായും ഇന്ന് ഭൗതിക സാഹചര്യങ്ങൾ ഏറെ മാറിപ്പോയിട്ടുണ്ടെങ്കിലും ഈ സംഭവങ്ങൾ വായിക്കുമ്പോൾ ലജ്ജ തോന്നിപ്പോകുന്നു. വസ്ത്രങ്ങളിലെ ഈ മാറ്റത്തെ നാം ഒഴിച്ചു നിർത്തിയാൽ പോലും, നബിതിരുമേനി (സ)യുടെ പാവനജീവിതം വളരെ ലളിതമായിരുന്നു. ലോകത്തിൽ യഥാർത്ഥ ഉന്നതി കൈവരിക്കാൻ ഇതല്ലാതെ യാതൊരു മാർഗ്ഗവുമില്ല. ഹദ്റത്ത് സമറു ബിൻ ജുൻദുബ് (റ) നിവേദനം ചെയ്യുന്നു: നബിതിരുമേനി (സ) അരുൾ ചെയ്തു: നിങ്ങൾ വെള്ള വസ്ത്രങ്ങൾ ധരിക്കുക; കാരണം അത് ഏറെ ശുദ്ധവും ഉത്തമവുമാകുന്നു. നമരിച്ചവരെ അതിൽ കഫൻ ചെയ്യുകയും ചെയ്യുക. മറ്റൊരു നിവേദനത്തിൽ റസൂൽ കരീം (സ) അരുളിച്ചെയ്തു: വയറിനേക്കാൾ മോശമായ മറ്റൊരു പാത്രവും മനുഷ്യൻ നിറച്ചിട്ടില്ല! മനുഷ്യന് തന്റെ നട്ടെല്ല് നിവർത്തി നിർത്താൻ ഉതകുന്ന ഏതാനും ചില ഭക്ഷണ ശകലങ്ങൾ മാത്രം മതിയാകും! അതായത്, വയറും ഒരു പാത്രമാണ്; അതിൽ തിക്കി നിറച്ചുകൊണ്ടിരുന്നാൽ അതിൽ രോഗങ്ങളും തകരാറുകളും മാത്രമേ രൂപപ്പെടുകയുള്ളൂ! അവിടുന്ന് അരുളിച്ചെയ്തു: മൂന്നിലൊന്ന് ഭക്ഷണത്തിനായി മാറ്റിവെക്കുക, മൂന്നിലൊന്ന് വെള്ളത്തിനായി മാറ്റിവെക്കുക, ബാക്കി മൂന്നിലൊന്ന് ശ്വാസോച്ഛ്വാസത്തിനായി ഒഴിച്ചിടുക! അതായത്, എപ്പോഴും വയറുനിറയ്ക്കാതെ വിശപ്പ് ബാക്കിവെച്ച് മാത്രം ഭക്ഷണം കഴിക്കുക.

ദഹനപ്രശ്നങ്ങളുമുള്ളവർക്ക് ഇന്ന് ഡോക്ടർമാർ നൽകുന്ന അതേ ഉപദേശമാണ് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുൻപ് നബിതിരുമേനി (സ) നൽകിയത്!

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) പറയുന്നു: ലളിതമായ ഒരു ജീവിതശൈലി പുലർത്തുന്നതിലൂടെ, പ്രയാസങ്ങളെയും കഷ്ടപ്പാടുകളെയും ക്ഷമയോടെ നേരിടാൻ ആളുകൾ സജ്ജരാകും; കഠിനമായ ദിനങ്ങൾ വന്നാലും അവരിൽ അത് വലിയ ഭാരമായി അനുഭവപ്പെടുകയുമില്ല. അവിടുന്ന് പറയുന്നു: ഇന്ന് യൂറോപ്യന്മാർ വലിയ പ്രതിസന്ധികളായി കാണുന്ന പല കാര്യങ്ങളും നമ്മുടെ ദൈനംദിന ജീവിതത്തിന്റെ സാധാരണ ഭാഗങ്ങൾ മാത്രമാണ്! അവർ ദുരന്തങ്ങളും ആപത്തുകളുമായി കരുതുന്നവ നമ്മുടെ ദൃഷ്ടിയിൽ സാധാരണ സുഖസൗകര്യങ്ങളാണ്; അതിനാൽത്തന്നെ അത്തരം പ്രയാസങ്ങൾ നമ്മെ ബാധിക്കുകയേയില്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) തുടരുന്നു: കുറച്ചു ദിവസങ്ങൾക്ക് മുൻപ് ചിലർ എന്നോട് വന്നു പറഞ്ഞു: വസ്ത്രങ്ങൾ ലഭിക്കാൻ വലിയ ബുദ്ധിമുട്ട് നേരിടുന്നു! എന്നാൽ ഒരു വിശ്വാസിയുടെ യഥാർത്ഥ അവസ്ഥ എന്തെന്നാൽ പുത്തൻ വസ്ത്രം ലഭിച്ചാൽ അത് ധരിക്കും, ലഭിച്ചില്ലെങ്കിൽ പഴയ വസ്ത്രത്തിൽ

കഷ്ണം വച്ച് തുന്നി തൃപ്തിപ്പെടും!
നബിതിരുമേനി(സ)യുടെ വസ്ത്രങ്ങളിൽ പോലും കഷ്ണം വച്ച് തുന്നിയതിന്റെ അടയാളങ്ങൾ ഉണ്ടായിരുന്നു! എന്നിരിക്കെ, സ്വന്തം വസ്ത്രങ്ങളിൽ തുന്നലുകൾ വെക്കാൻ മടിക്കുന്നത്ര വലിയ ആളുകളാണോ നാം?
ഇന്നത്തെ ലോകത്ത് പ്രതിസന്ധികളെക്കുറിച്ച് വലിയ തോതിലുള്ള അസംതൃപ്തികളും മുറവിളികളുമാണ് ഉയർന്നുകൊണ്ടിരിക്കുന്നത് ''ഇത് ലഭിക്കുന്നില്ല, അത് ലഭിക്കുന്നില്ല''എന്ന രീതിയിലുള്ള പരാതികൾ മുഴങ്ങുന്നു; ഇനി വല്ല ലോകമഹായുദ്ധവും പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ സാഹചര്യങ്ങൾ എത്രമാത്രം വഷളാകുമെന്ന് അറിയില്ല. യുദ്ധസമാനമായ സാഹചര്യം വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് ഞാൻ ഇതിനുമുമ്പും പലതവണ മുന്നറിയിപ്പ് നൽകിയിട്ടുള്ളതാണ്. ഇനി ഒരു മഹായുദ്ധം കൂടി ഉണ്ടായാൽ, യൂറോപ്പും മൊത്തം ലോകവും ഭക്ഷണക്ഷാമം പോലുള്ള അതീവ ദുഷ്കരമായ ഒരു കാലഘട്ടത്തിലൂടെയാകും കടന്നുപോവുക.
അന്നത്തെ ഇന്ത്യയുടെ ഉദാഹരണമാണ് ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) നൽകിയിട്ടുള്ളത്; എന്നാൽ ആഫ്രിക്കയിലും അവികസിത രാജ്യങ്ങളിലുമുള്ള ജനങ്ങളുടെ സ്ഥിതിയാണെങ്കിലോ, അവർക്ക് സാദാ ഭക്ഷണം ലഭിച്ചാൽ തന്നെ അതിൽ വലിയ സന്തോഷം കണ്ടെത്തുന്നവരാണ്. ഇത്തരം യുദ്ധ സാഹചര്യങ്ങളെയും പ്രതിസന്ധികളെയും അതിജീവിക്കാനുള്ള ശേഷി അവർക്കുണ്ട്; എന്നാൽ യൂറോപ്പിനും ഈ വികസിത രാജ്യങ്ങൾക്കും അത് താങ്ങാൻ കഴിയില്ല. അത്തരം സാഹചര്യങ്ങൾ അവരെ പ്രയാസത്തിലാക്കി കളയും.
അതിനാൽ, നാം ഓരോരുത്തരും നമ്മുടെ അവസ്ഥകൾ സ്വയം വിലയിരുത്തേണ്ടതുണ്ട്; ഉള്ളതിൽ തൃപ്തിപ്പെടുന്ന സ്വഭാവം വളർത്തിയെടുക്കണം. ലളിതമായ ഒരു ജീവിതം നയിക്കാൻ നാം എപ്പോഴും പരിശ്രമിക്കണം. റസൂൽ കരീം (സ)യുടെ ജീവിതമാതൃകയും ആ കാലഘട്ടവും എപ്പോഴും നമ്മുടെ കൺമുന്നിൽ ഉണ്ടായിരിക്കേണ്ടതാണ് നല്ല ആഹാരങ്ങൾ ലഭിക്കുകയാണെങ്കിൽ അത് തീർച്ചയായും കഴിച്ചുകൊള്ളുക; നല്ല വസ്ത്രങ്ങൾ കിട്ടിയാൽ ധരിച്ചോളൂ. എന്നാൽ അവയെ മാത്രം പൂർണ്ണമായി ആശ്രയിച്ചുജീവിക്കുകയും, അവ ലഭിക്കാതെ വന്നാൽ ഞങ്ങൾ നശിക്കുകയാണല്ലോ എന്ന് നിലവിളിക്കുകയും ചെയ്യുന്നത് തികച്ചും തെറ്റായ ഒരു ശീലമാണ്! ഏതായാലും, ലോകത്തെ ഇത്തരം മഹാദുരന്തങ്ങളിൽ നിന്നും വിപത്തുകളിൽ നിന്നും അല്ലാഹു രക്ഷിക്കാനായി നാം നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. സ്വന്തം അഹങ്കാരം നിമിത്തം ഈ ലോകം ഇന്ന് വിനാശത്തിന്റെ പടുകുഴിയിലേക്ക് സ്വയം ചാടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്! നിലവിലുള്ള ഈ സാഹചര്യം തുടരുകയാണെങ്കിൽ, മറ്റൊരു ലോകമഹായുദ്ധം തീർച്ചയായും സംഭവിക്കുമെന്ന കാര്യത്തിൽ സംശയമില്ല;അങ്ങനെയുണ്ടായാൽ അവരുടെ സർവ്വനാശവും ഉറപ്പാണ്!
മറ്റുള്ളവരുടെ സമ്പത്തും ഭൂമിയും പിടിച്ചെടുക്കാൻ ശ്രമിക്കുന്നതിന് പകരം, ഇവർ തങ്ങളുടെ സ്വന്തം ജനങ്ങളെ സേവിക്കുകയാണ് വേണ്ടത്. അല്ലാഹു നമുക്ക് എപ്പോഴും നന്മകളിൽ നിലകൊള്ളാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ۔

FRIDAY SERMON SUMMARY

DELIVERED BY

HAZRAT KHALIFATUL MASIH V(ATBA)

MASJID MUBARAK UK ON 30.10.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY ARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516